**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *637 **3.04.2018-ൽ** മറുപടിക്ക്

**<u>പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അട്ടൂർ പ്രകാശ്<br>ശ്രീ., വി.പി.സജീന്ദ്രൻ | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വികസനത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യം എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | വികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യമെത്തിക്കുന്നതിന് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഇതിൽ സ്വയം പര്യാപ്തഗ്രാമം പദ്ധതി മാർച്ച് 31-ന് മുൻപ് പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനകം എത്ര പട്ടികജാതി കോളനികളിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നറിയിക്കുമോ; | (ബി) | **<u>സ്വയംപര്യാപ്ത ഗ്രാമം</u>**<br>2012-13-ൽ തിരഞ്ഞെടുത്ത 114 കോളനികളിൽ പ്രവർത്തനം നടന്നുവരുന്നു.<br>2013-14- ൽ തിരഞ്ഞെടുത്ത 96 കോളനികളിൽ പ്രവർത്തനം നടന്നു വരുന്നു.<br>**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**<br>അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 230 കോളനികളെ തെരഞ്ഞെടുക്കുകയും ഇതിൽ 90 കോളനികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഹാംലറ്റ് പദ്ധതിയിൽ എത്ര കോളനികളെ ഇതിനകം തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കാമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം ലക്ഷ്യമിട്ട് ആരംഭിച്ച ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ട കോളനികളുടെ വിവരം |

<table>
<tr><td></td><td></td><td></td><td>ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തെരഞ്ഞെടുത്ത കോളനികളുടെ എണ്ണം</th><th>പദ്ധതി നടപ്പിലാക്കിയ കോളനികളുടെ എണ്ണം</th></tr>
<tr><td>2013-14</td><td>18</td><td>18</td></tr>
<tr><td>2014-15</td><td>25</td><td>23</td></tr>
<tr><td>2015-16</td><td>10</td><td>5</td></tr>
<tr><td>ആകെ</td><td>53</td><td>46</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ;</td><td>(ഡി)</td><td>ഹാംലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.</td></tr>
<tr><td>(ഇ)</td><td>പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>വിശദമാക്കാമോ;</td><td>(ഇ)</td><td>പട്ടികജാതി വിഭാഗം: ഏജൻസികൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾ അംഗീകരിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി MOU ഒപ്പ് വച്ച് ഉടൻ പദ്ധതി ആരംഭിക്കേണ്ടതും ആറുമാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്നും ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏജൻസികൾ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് നൽകുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗം : പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും , അഴിമതി മുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.<br>1. ഊരുകൂട്ടങ്ങളിൽ പദ്ധതികൾ ചർച്ച ചെയ്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഇത്തരത്തിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നു. 25 ലക്ഷത്തിനു മുകളിലുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയും നടപ്പിലാക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | 2. നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേന മാത്രം വിതരണം ചെയ്യുന്നു. ഭവനപദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>**3.** പദ്ധതിയുടെ കാലതാമസം ഒഴിവാക്കി കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിനായി വകുപ്പുതല വീഡിയോ കോൺഫറൻസിനു പുറമേ ജില്ലാതല/സംസ്ഥാതല അവലോകന യോഗങ്ങൾ ചേർന്ന് വിലയിരുത്തി വരുന്നു. നടപ്പിലാക്കാൻ അസാദ്ധ്യമായ പദ്ധതികൾക്ക് പകരം പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അവലോകനയോഗങ്ങൾ സഹായിക്കുന്നുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | വകുപ്പ് തലങ്ങളിലുള്ള ആഡിറ്റ് സംവിധാനം നിലവിലുള്ളതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**2013-14**

| ക്രമ നം. | സങ്കേതങ്ങളുടെ പേര് | ജില്ല | ഏജൻസി |
|---|---|---|---|
| 1 | പൊടിയകാല, വിതുര ഗ്രാമപഞ്ചായത്ത് | തിരുവനന്തപുരം | പി.ഡബ്ല്യൂ ഡി |
| 2 | ഇയ്യക്കോട്, കല്ലാന, ചെറുനെല്ലി മൂട്, മുത്തിപ്പാറ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്. | തിരുവനന്തപുരം | പി.ഡബ്ല്യൂ ഡി |
| 3 | മുള്ളുമല ട്രൈബൽ കോളനി, പിറവന്തൂർ പഞ്ചായത്ത് | കൊല്ലം | എഫ്.ഐ.റ്റി. ആലുവ |
| 4 | ചെന്നോട്ട് പട്ടികവർഗ്ഗ കോളനി (ആലപ്പുഴ), കുമാരപുരം പഞ്ചായത്ത് | കൊല്ലം | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| 5 | കുറുമ്പൻ മൂഴി -മണക്കയം പട്ടികവർഗ്ഗ കോളനി, നാറാണാംമൂഴി | പത്തനംതിട്ട | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 6 | മുരുക്കും വയൽ, മുണ്ടക്കയം പഞ്ചായത്ത് | കോട്ടയം | പി.ഡബ്ല്യൂ ഡി |
| 7 | വട്ടവട മുതുവാൻ കോളനി, വത്സപ്പെട്ടി പി.ഒ. | ഇടുക്കി. | കെയ്റ്റ്കോ, ഫോറസ്റ്റ് ഡിപ്പാർട്ട് മെന്റ് |
| 8 | വടക്കേ കടമ്പാറ കോളനി, ഷോളയൂർ പഞ്ചായത്ത് | പാലക്കാട് | എഫ്.ഐ.റ്റി. ആലുവ |
| 9 | വാതിൽമട പട്ടികവർഗ്ഗ കോളനി, പയ്യാവൂർ ഗ്രാപഞ്ചായത്ത്. | കണ്ണൂർ | എഫ്.ഐ.റ്റി. ആലുവ |
| 10 | പെരുവമ്പാടം, ചാലിയാർ പഞ്ചായത്ത് | മലപ്പുറം | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| 11 | മണിയൻ കിണർ പട്ടികവർഗ്ഗ കോളനി, പനഞ്ചേരി പഞ്ചായത്ത് | തൃശ്ശൂർ | കെയ്റ്റ്കോ |
| 12 | പാടിക്കുന്ന്, നിലമ്പൂർ മുനിസിപ്പാലിറ്റി പി.ഒ. നിലമ്പൂർ. | മലപ്പുറം | കെയ്റ്റ്കോ |
| 13 | കാലിമന്ദം, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | വയനാട് | സിഡ്കോ |
| 14 | അമ്മാനി, പനമരം ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | വയനാട് | സിഡ്കോ |
| 15 | ചെമ്പുകടവ് അംബേദ്കർ കോളനി, കോടഞ്ചേരി പഞ്ചായത്ത് | കോഴിക്കോട് | സിഡ്കോ, എക്സി. എഞ്ചിനീയർ കെ. ഡബ്ല്യൂ.എ, കോഴിക്കോട്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, അസി. ഡയറക്ടർ ഓഫ് അഗ്രി.ഓഫീസർ,കൊടുവള്ളി, കെ.എസ്.ഇ .ബി ബാലുശ്ശേരി |
| 16 | കണ്ണവം പട്ടികവർഗ്ഗ കോളനി, പാട്യം പഞ്ചായത്ത് പി.ഒ. | കണ്ണൂർ | കെയ്റ്റ്കോ |
| 17 | കപ്പള്ളി കോളനി,കളാർ പഞ്ചായത്ത് | കാസർഗോഡ് | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |
| 18 | മായിലാം കോട്ട, കാരടുക്ക പഞ്ചായത്ത് | കാസർഗോഡ് | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം |

**2014-15**

| ക്രമ നം. | സങ്കേതങ്ങളുടെ പേര് | ജില്ല | ഏജൻസി |
|---|---|---|---|
| 1 | ചെമ്പിക്കുന്ന്, അല്ലത്താര, കൊമ്പ്രൻകല്ല്, താന്നിമൂട് എന്നിവ അടങ്ങുന്ന ചെമ്പിക്കുന്ന് ക്ലസ്റ്റർ (വിതുര ഗ്രാമപഞ്ചായത്ത്) | തിരുവനന്തപുരം | പി.ഡബ്ല്യൂ ഡി |
| 2 | വഞ്ചിയോട്, എടപ്പന,കൊച്ചരിപ്പ കോളനികൾ (ചിതറ ഗ്രാമപഞ്ചായത്ത്) | കൊല്ലം | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 3 | തലവച്ചുപാറ - കുഞ്ചിപ്പാറ എസ്.റ്റി.കോളനി (കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്) | എറണാകുളം | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 4 | അടപ്പ്കോളനി (മലമ്പുഴ ഗ്രാമപഞ്ചായത്ത്) | പാലക്കാട് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 5 | മാടംകോളനി (മമ്പാട് ഗ്രാമപഞ്ചായത്ത്) | മലപ്പുറം | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 6 | അപ്പൻകാപ്പ് എസ്.റ്റി. കോളനി (പോത്തുകല്ല് ഗ്രാമപഞ്ചായത്ത്) | മലപ്പുറം | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 7 | ചെങ്ങോട്ടുമല എസ്.റ്റി. കോളനി (കോട്ടൂർ ഗ്രാമപഞ്ചായത്ത്) | കോഴിക്കോട് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 8 | എളമ്പിലാശ്ശേരി, ഭഗവതികാവ്, മറിയംകുഴി, ചണ്ണങ്ങൾ, കിഴക്കേചെണ്ണങ്ങൾ, വരിക്കേക്കൽ, മായങ്ങൽ എന്നീ പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടുന്ന ക്ലസ്റ്റർ (കാരശ്ശേരി ഗ്രാമപഞ്ചായത്ത്) | കോഴിക്കോട് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 9 | കോട്ടയം തട്ട് പട്ടികവർഗ്ഗ കോളനി (നടുവിൽ ഗ്രാമപഞ്ചായത്ത്) | കണ്ണൂർ | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 10 | ചെക്യേരി എസ്.റ്റി. കോളനി (കോളയാട് ഗ്രാമ പഞ്ചായത്ത്) | കണ്ണൂർ | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 11 | വളയംചാൽ എസ്.റ്റി. കോളനി (കേളകം ഗ്രാമപഞ്ചായത്ത്) | കണ്ണൂർ | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 12 | ചുള്ളികോളനി (ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്) | കാസർഗോഡ് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 13 | അരിങ്കല്ല് കോളനി (ബളാൽ ഗ്രാമ പഞ്ചായത്ത്) | കാസർഗോഡ് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 14 | മാവിനക്കട്ട എസ്.ടി. കോളനി (കുമ്പള ഗ്രാമപഞ്ചായത്ത്) | കാസർഗോഡ് | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 15 | തെറ്റ്പാറ കോളനി (കോഴിപ്രം ഗ്രാമ പഞ്ചായത്ത്) | പത്തനംതിട്ട | എഫ്.ഐ.റ്റി. ആലുവ |
| 16 | വല്ല്യൂഴം കോളനി (മണർക്കാട് പഞ്ചായത്ത്). | കോട്ടയം | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 17 | നാടുകാണിതുമ്പച്ചി കോളനി (വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്) | ഇടുക്കി | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 18 | കോഴിമല എസ്.റ്റി. കോളനി (കാഞ്ചിയാർ പഞ്ചായത്ത്) | ഇടുക്കി | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |

| | | | |
|---|---|---|---|
| 19 | ഉമ്മൻചാണ്ടി കോളനി (കഞ്ഞിക്കുഴി ഗ്രാമ പ ഞ്ചായത്ത്) | ഇടുക്കി | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 20 | കരിങ്കുറ്റി, അത്തിക്കുനി, നാടുകാണികൊല്ലി, ആലക്കണ്ടി, കാവുംമൂട്ടിൽ, പാലുകാപ്പ്, പാലൂക്കര എന്നീ കോളനികൾ ഉൾക്കൊള്ളുന്ന ക്ലസ്റ്റർ (കോട്ടത്തറ ഗ്രാമപഞ്ചായത്ത്) | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 21 | കല്ല്മൊട്ടംകുന്ന് & തുപ്പരിമൂല കോളനി (കോട്ടത്തറ ഗ്രാമപഞ്ചായത്ത്) | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 22 | പഞ്ചാരക്കൊല്ലി, പള്ളിയറ, കോളിമൂല, കോളിമൂലകൊല്ലി, വേങ്ങണകുഞ്ഞിമിറ്റം, കൊല്ലിയിൽ എന്നീ കോളനികൾ ഉൾക്കൊള്ളുന്ന ക്ലസ്റ്റർ (മാനന്തവാടി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. മാനന്തവാടി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 23 | പുതുശ്ശേരി ആലയ്ക്കൽ കോളനി (തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. മാനന്തവാടി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 24 | വട്ടത്തുവയൽ കോളനി (മീനങ്ങാടി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. സുൽത്താൻ ബത്തേരി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 25 | കഴമ്പുകര കുറുമ കോളനി (നെന്മേനി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. സുൽത്താൻ ബത്തേരി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |

**2015-16**

| ക്രമ നം. | സങ്കേതങ്ങളുടെ പേര് | ജില്ല | ഏജൻസി |
|---|---|---|---|
| 1 | വലിയകാല കാണി സെറ്റിൽമെന്റ്, വിതുര ഗ്രാമ പഞ്ചായത്ത്. | തിരുവനന്തപുരം | വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് |
| 2 | കൊടുമുടി പട്ടികവർഗ്ഗ കോളനി,ചിറ്റാർ ഗ്രാമപഞ്ചായത്ത്, | പത്തനംതിട്ട | നിർമ്മിതി കേന്ദ്രം |
| 3 | കല്ലംചിറ ആബേൽ കോളനി, കാവാടം കോളനി എന്നിവയുടെ ക്ലസ്റ്റർ,കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്, | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 4 | കഴമ്പ് കോളനി, നെന്മേനി ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. സുൽത്താൻ ബത്തേരി. | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 5 | കൊല്ലിയിൽ പുത്തൻമിത്തൻ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 6 | മുണ്ടക്കൽ കോളനി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | വയനാട് | കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |

സെക്ഷൻ ഓഫീസർ